പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2426 — 19.07.2016-ൽ മറുപടിക്ക്

## കെ.എസ്.ആർ.റ്റി.സി യിലെ മരാമത്തു പണികൾ

| ചോദ്യം<br>ശ്രീ. പി.കെ. ശശി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാർ കാലയളവിൽ കെ.എസ്.ആർ.റ്റി.സി വിവിധ ഡിപ്പോകൾ കേന്ദ്രീകരിച്ചും അല്ലാതെയും നടത്തിയ മരാമത്തു പണികൾക്ക് ചെലവാക്കിയ തുക എത്രയെന്നും ഇനിയും കോൺട്രാക്ടർമാർക്ക് കുടിശ്ശികയായി നൽകാനുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാർ കാലയളവിൽ കെ.എസ്.ആർ.റ്റി.സി വിവിധ ഡിപ്പോകൾ കേന്ദ്രീകരിച്ചും അല്ലാതെയും നടത്തിയ മരാമത്തു പണികൾക്ക് പ്ലാൻ ഫണ്ട്, എം.എൽ.എ ഫണ്ട്, എം.പി ഫണ്ട്, പ്രോജക്ട് ഫണ്ട്, എന്നിവ മുഖേന ചെലവായ തുക 92,23,23,073/- രൂപയാണ്.<br>മരാമത്ത് പണിയുടെ കുടിശ്ശികയായി കോൺട്രാക്ടർമാർക്ക് 8,35,42,846/- രൂപ നൽകാനുണ്ട്. |
| (ബി) | കെ.എസ്.ആർ.റ്റി.സിയുടെ കീഴിൽ കഴിഞ്ഞ സർക്കാർ തുടങ്ങിയതും പൂർത്തീകരിച്ചതുമായ മരാമത്തു പണികളിൽ കെടുകാര്യസ്ഥത, നിർമ്മാണ പിശകുകൾ എന്നിവ സംബന്ധിച്ച പരാതികൾ ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്.<br>1. വെഞ്ഞാറമൂട് യൂണിറ്റിൽ റാംപ് നിർമ്മിച്ചതിൽ ഉണ്ടായ ക്രമക്കേടുമായി ബന്ധപ്പെട്ട് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ (ധനകാര്യ വകുപ്പ്) റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയത് വിശദമായി പരിശോധിക്കുകയും ടി ഇനത്തിൽ കോർപ്പറേഷന് ഉണ്ടായ നഷ്ടം കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും ചട്ടവും അപ്പീലും) ചട്ടം 15 പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.<br>2. കെ.എസ്.ആർ.ടി.സി ആര്യനാട് ഡിപ്പോയിലെ വർക്ക്ഷോപ്പിൽ പുതിയതായി |

| | | | |
|---|---|---|---|
| | | | പണിത റാംപിന്റെ നിർമ്മാണത്തിൽ അപാകതകൾ ഉള്ളതായി പത്രവാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രാഥമിക അന്വേഷനത്തിൽ നിലവാരം കുറഞ്ഞ നിർമ്മാണ സാമഗ്രികളാണ് ഉപയോഗിച്ചിട്ടുള്ളതെന്നും, ആവശ്യമുള്ള അളവിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചിട്ടില്ലായെന്നും റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണം നടത്തി വരുന്നു.<br>3. വടകര ഓപ്പറേറ്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തികളിൽ ഉണ്ടായ അപാകതകൾ സംബന്ധിച്ച് ബഹു. വടകര എം.എൽ.എ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തിയതിൽ കരാറുകാരന്റെ ഭാഗത്തു നിന്നും അനാസ്ഥയുണ്ടായതായി കണ്ടെത്തിയിട്ടുള്ളതാണ്. ആയതിനാൽ ടി പരാതിയിൽ കൂടുതൽ അന്വേഷണം നടത്തുന്നതിന് ഒരു ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കഴിഞ്ഞ സർക്കാർ കാലയളവിൽ പണി പൂർത്തീകരിച്ച കെട്ടിടസമുച്ചയങ്ങളിൽ വാടകയ്ക്ക് നൽകാനായി മാറ്റിവെക്കപ്പെട്ട സ്ഥലം എത്രയെന്നും ഇതിൽ വാടകയ്ക്ക് നൽകിയ സ്ഥലം എത്രയെന്നും അഡ്വാൻസ് ഇനത്തിൽ ലഭിക്കേണ്ട തുകയും ലഭിച്ച തുകയും വാടകയിനത്തിൽ ലഭിച്ച തുകയും എത്രയെന്നുമുള്ള വിവരം ബഹുനില കെട്ടിടങ്ങൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | (സി) | ബി.ഒ.ടി അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി പണികഴിപ്പിച്ച കോഴിക്കോട്, അങ്കമാലി, തിരുവനന്തപുരം (തമ്പാനൂർ), തിരുവല്ല എന്നീ സ്ഥലങ്ങളിലെ വാണിജ്യ സമുച്ചയങ്ങളിലെ മുറികൾ വാടകയ്ക്ക് നൽകിയത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.<br>കഴിഞ്ഞ സർക്കാർ കാലയളവിൽ കെ.എസ്.ആർ.ടി.സി നേരിട്ട് കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട്, പയ്യന്നൂർ എന്നീ യൂണിറ്റുകളിലാണ് വ്യാപാര സമുച്ചയ പദ്ധതികൾ പൂർത്തീകരിച്ചത്. |

| | | | |
|---|---|---|---|
| | | | കാട്ടാക്കട യൂണിറ്റിൽ ആകെ കട മുറികൾ 32ഉം, ഗോഡൗൺ സ്പെയ്സ് 3 എണ്ണവും, ഓഫീസ് സ്പെയ്സ് 2 എണ്ണവും. ഇതിൽ ഓഫീസ് ബ്ലോക്ക് 1 ഒഴികെ ബാക്കി എല്ലാത്തിനും ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. പലിശ രഹിത കരുതൽ നിക്ഷേപമായി 6,24,01,000/- രൂപ വാഗ്ദാനം നല്കിയിട്ടുള്ളതും ടി ഇനത്തിൽ 6,10,21,000/- രൂപ പിരിഞ്ഞ് കിട്ടിയിട്ടുള്ളതുമാണ്. പ്രതിമാസ ലൈസൻസ് തുകയായി 1,86,714/- രൂപ പിരിഞ്ഞു കിട്ടുന്നു.<br>നെയ്യാറ്റിൻകര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 40 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ ലൈസൻസികളെ കണ്ടെത്താനായത് 30 മുറികൾക്കാണ്. പലിശ രഹിത കരുതൽ നിക്ഷേപമായി 4,45,47,000/- രൂപ വാഗ്ദാനം നൽകിയതിൽ 3,44,08,950/- രൂപ പലിശ രഹിത കരുതൽ നിക്ഷേപ ഇനത്തിൽ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. വാണിജ്യ സമുച്ചയത്തിലെ കടമുറികൾ തുറന്ന് പ്രവർത്തിച്ചു തുടങ്ങാത്തതിനാൽ ലൈസൻസ് ഫീ ഇനത്തിൽ പ്രതിമാസ തവണകൾ ലഭിച്ചു തുടങ്ങിയിട്ടില്ല.<br>നെടുമങ്ങാട് യൂണിറ്റിൽ 53 കടമുറികളിൽ 24 കടമുറികൾക്ക് ലൈസൻസികളെ കണ്ടെത്തുകയും പലിശ രഹിത കരുതൽ നിക്ഷേപമായി 5,52,10,800/- രൂപ വാഗ്ദാനമായി ലഭിച്ചതിൽ 4,97,45,930/- രൂപ കരുതൽ നിക്ഷേപ ഇനത്തിൽ പിരിഞ്ഞു കിട്ടുകയും ചെയ്തു. പ്രതിമാസ ലൈസൻസ് ഫീ ആയി 69,669/- രൂപ നിലവിൽ ലഭിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | പയ്യന്നൂർ യൂണിറ്റിൽ ആകെ 40 കടമുറികളിൽ 10 എണ്ണത്തിന് ലൈസൻസി കളെ കണ്ടെത്തുകയും പലിശ രഹിത കരുതൽ നിക്ഷേപമായി 2,04,22,800/- രൂപ വാഗ്ദാനം ലഭിച്ചതിൽ 1,92,34,880/- പിരിഞ്ഞ് കിട്ടുകയും ചെയ്തു. പയ്യന്നൂർ യൂണിറ്റിൽ കടകൾ തുറന്ന് പ്രവർത്തിച്ചു തുടങ്ങാത്തതിനാൽ വാടക ഇനത്തിൽ നിലവിൽ തുകകൾ ലഭിച്ചു തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്